# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 121**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല ഇടവകകളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ പ്രിയരെ,

മലങ്കര മാർത്തോമ്മാ സുറിയാനി സഭ എക്യൂമെനിക്കൽ ബന്ധങ്ങൾക്കു ഏറെ പ്രാധാന്യം എക്കാലവും നൽകിയിട്ടുണ്ട്. അന്ത്യോക്യയിലേക്കു മാത്യൂസ് ശെമ്മാശനെ അയച്ചതും, തൊഴിയൂർ സഭയുമായി സവിശേഷമായ ചരിത്രബന്ധം പുലർത്തുന്നതും, 1936 ൽ ചർച്ച് ഓഫ് ഇംഗ്ലണ്ടുമായി ധാരണ പത്രം ഒപ്പിട്ടതും, സി. എസ്. ഐ. – സി. എൻ ഐ. – മാർത്തോമ്മാ സഭയും ചേർന്നുള്ള കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയും, വിവിധ സഭാ വിഭാഗങ്ങളുമായുള്ള സംവാദവും, നമ്മുടെ സഭാജനങ്ങൾ പാർക്കുന്ന രാജ്യങ്ങളിലെ എക്യൂമെനിക്കൽ പ്രാധാന്യമുള്ള പ്രസ്ഥാനങ്ങളുമായുള്ള ബന്ധങ്ങളും, നമ്മുടെ തിരുമേനിമാരും, വൈദികരും, അൽമായരും വിവിധ എക്യൂമെനിക്കൽ സംഘടനകൾക്ക് നേതൃത്വം നൽകി വരുന്നതും അഭിമാനിക്കത്തക്കതാണ്.

യൂറോപ്പിന്റെ വിവിധ രാജ്യങ്ങളിലേക്ക് നമ്മുടെ വിശ്വാസ സമൂഹം പഠനത്തിനായും ജോലിക്കായും കുടിയേറി പാർക്കുന്ന ഈ കാലത്തു, മേല്പറഞ്ഞ ദേശത്തുള്ള സഭകളുമായും എക്യൂമെനിക്കൽ പ്രസ്ഥാനങ്ങളുമായും കൂടുതൽ ചേർന്ന് പ്രവർത്തിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. യൂറോപ്പിലെ സഭകളിലൊന്നായ നവീകരണ പാരമ്പര്യമുള്ള ഓൾഡ് കാതലിക്ക് ചർച്ചുമായി വിവിധ മേഖലകളിൽ കഴിഞ്ഞ 18 വർഷങ്ങളായി നമുക്ക് സഹവർത്തിത്വമുണ്ട്. ഓൾഡ് കാതലിക്ക് സഭ, യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ ആരാധനാലയങ്ങളുള്ളതും എക്യൂമെനിക്കൽ വീക്ഷണവും, പുരാതന ആരാധന (ലാറ്റിൻ) പാരമ്പര്യത്തെ നവീകരണ ദർശനത്തിൽ കാണുന്നവരും, സഭയുടെ സാമൂഹ്യ സാക്ഷ്യത്തെ സജീവമായി പുലർത്തുന്നവരുമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി, നമ്മുടെ എപ്പിസ്കോപ്പൽ സിനഡും, സഭാ പ്രതിനിധി മണ്ഡലവും, മേല്പറഞ്ഞ ഏക്യൂമെനിക്കൽ ബന്ധം ശക്തിപ്പെടുത്തുന്നതിനാവശ്യമായ ആലോചനകളും പിൻബലവും നൽകി വരുന്നു. 2006 മുതൽ ഇരു സഭകളും തമ്മിൽ, അനൗദ്യോഗിക സൗഹൃദ സന്ദർശനങ്ങൾ നടത്തുകയും നമ്മുടെ സഭയ്ക്കു വൈദീക ഉപരിപഠനത്തിനായുള്ള സ്കോളർഷിപ്പ് ലഭിക്കുകയും, സ്വിറ്റ്സർലണ്ടിലും, നെതർലൻഡിലും നമ്മുടെ വി. കുർബാന നടത്തുവാൻ ഓൾഡ് കാതലിക്ക് ദൈവാലയങ്ങൾ ക്രമീകരിച്ച് നല്കുകയും ചെയതിട്ടുണ്ട്. വിവിധ ഘട്ടങ്ങളിൽ ഇരുസഭകളും ചുമതലപ്പെടുത്തിയ ഔദ്യോഗിക പ്രതിനിധികൾ തമ്മിൽ ചർച്ചകൾ നടത്തുകയും ആയവയുടെ പ്രസ്താവനകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

സ്വിറ്റ്സർലൻഡ്, ജർമ്മനി, സ്വീഡൻ, ഓസ്ട്രിയ, നെതർലൻഡ്, ഫ്രാൻസ്, പോളണ്ട്, ബെൽജിയം, ഇറ്റലി എന്നീ രാജ്യങ്ങളിലേക്ക് നമ്മുടെ കുടുംബങ്ങളുടെയും വിദ്യാർത്ഥികളുടെയും കുടിയേറ്റം വളരെ വർധിച്ചു വരുന്നു. 2023 ലെ സഭാ പ്രതിനിധി മണ്ഡല യോഗത്തിൽ ഓൾഡ് കാതലിക്ക് ചർച്ചും – മാർത്തോമ്മാ സഭയും തമ്മിൽ (നിലവിൽ മാർത്തോമ്മാ സഭയും തൊഴിയൂർ – മലബാർ സ്വതന്ത്ര സുറിയാനി സഭയും തമ്മിലുള്ള ബന്ധം പോലെ) എക്യൂമെനിക്കൽ ബന്ധത്തിൽ പ്രവേശിക്കുവാനും, സാധ്യമാകുന്ന എല്ലാ മേഖലകളിലും ഒന്നിച്ച് പ്രവർത്തിക്കാവാനും തീരുമാനിച്ചു. 2024 ഫെബ്രുവരി 10–ാം തീയതി ശനിയാഴ്ച രാവിലെ 8 മണിക്ക് നമ്മുടെ സഭാംഗങ്ങളും ഓൾഡ് കാതലിക്ക് ചർച്ച് പ്രതിനിധികളും സംബന്ധിക്കുന്ന വിശുദ്ധ കുർബ്ബാനയും (ഇംഗ്ലീഷ്) പൊതു സമ്മേളനവും തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വച്ചു നടത്തുന്നതാണ്. ആയതിലേക്ക് ഏവരെയും ക്ഷണിക്കുന്നു.

പ്രിയരെ, ഇതരസഭകളുമായി ഒരുമിച്ചുള്ള പ്രവർത്തനങ്ങൾ ഫലകരമാകുന്നതിനും സമകാലിക സാഹചര്യങ്ങളെ മനസ്സിലാക്കി ക്രിയാത്മകമായി പ്രവർത്തിക്കുന്നതിനും സാക്ഷ്യത്തോടെ മുന്നേറുന്നതിനും ദൈവം എല്ലാവരെയും ശക്തീകരിക്കട്ടെ.

കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

2024 ജനുവരി 24–ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 121**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Beloved in Christ,

The Malankara Mar Thoma Syrian Church has always given great importance to ecumenical relations. Sending Deacon Mathews (later Mathews Mar Athanasius Metropolitan) to Antioch, having a unique historical relationship with the Thozhiyur Church, signing a memorandum of understanding with the Church of England in 1936, forming the Communion of Churches in India (consisting of the C.S.I., C.N.I., and the Mar Thoma Church), dialogue with various Churches, relations with movements of ecumenical importance in the countries where our members live, and the leadership given in various ecumenical organizations by our Bishops, priests, and lay people are honourable events.

During this time, when our members of faith community migrate to different countries of Europe for study and work, it has become necessary to work more closely with the Churches and ecumenical movements in the aforementioned region. For the past 18 years, we have cooperation in various fields with the Old Catholic Church, one of the Churches in Europe, which upholds reformation traditions. The Old Catholic Church has places of worship in various countries of Europe, sees the ancient liturgical (Latin) tradition and ecumenical outlook in the vision of reformation, and actively maintains the social witness of the Church. Over the past few years, our Episcopal Synod and Prathinidhi Mandalam have been providing advice and support to strengthen the aforementioned ecumenical relationship. Since 2006, unofficial friendly visits have been made between the two Churches, our Church has received scholarships for theological studies, and Old Catholic parishes in Switzerland and Netherlands have given arrangements for the celebration of the Holy Qurbana. At various stages, discussions have been held between the official representatives appointed by the two Churches and their statements have been published.

The migration of our families and students to countries such as Switzerland, Germany, Sweden, Austria, Netherlands, France, Poland, Belgium and Italy is increasing significantly. In the 2023 Sabha Prathinidhi Mandalam Meeting, it was decided to enter into ecumenical relationship between the Old Catholic Church and the Mar Thoma Church (similar to the existing relationship between the Mar Thoma Church and the Thozhiyur-Malabar Independent Syrian Church) and to work together in all possible areas. On Saturday, 10th February 2024, at 8 AM, a Holy Qurbana service in English will be held at St. Thomas Mar Thoma Church, Thiruvalla, followed by a public meeting, in which members of our Church and representatives of the Old Catholic Church will participate. All are invited to this event.

Beloved, may God strengthen all of us to work together with other congregations fruitfully, to understand contemporary situations and work creatively, and to advance in Christian witness.

Grace be with you all.

Dated 24th January 2024, from Poolatheen, Thiruvalla,

**Dr. Theodosius Mar Thoma Metropolitan**